പാരിപ്പള്ളി ഇൻഡേൻ ബോട്ടിലിംഗ് പ്ലാന്റിലെ മോഷണം സംബന്ധിച്ച കേസ്

68 (1537) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പാരിപ്പള്ളി ഇൻഡേൻ ബോട്ടിലിംഗ് പ്ലാന്റിൽ ഒന്നര ലക്ഷം രൂപയുടെ സിലിണ്ടർ വാൽവുകൾ മോഷണം പോയത് സംബന്ധിച്ച കേസ്സന്വേഷണം ഏത് ഘട്ടംവരെയായി ;

(ബി) പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) സിലിണ്ടർ വാൽവുകൾ മോഷണം പോയത് സംബന്ധിച്ച് പാരിപ്പള്ളി പോലീസ് സ്റ്റേഷനിൽ 157/03 നമ്പരായി ക്രൈം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്.

(ബി) അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നുണ്ട്.

ആലപ്പുഴ ജില്ലയിൽ മനിനേത്ത് ക്ഷേത്രത്തിന് സമീപമുള്ള കട തീവച്ച സംഭവം

69 (1538) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നൂറനാട് പഞ്ചായത്തിൽ ചെറുമുഖ വാർഡിൽ മനിനേത്ത് ക്ഷേത്രത്തിന് സമീപം കച്ചവടം നടത്തിയിരുന്ന വികലാംഗനായ വിക്രമൻ എന്നയാളിന്റെ കട രാത്രിയിൽ തീവച്ചു നശിപ്പിച്ച സംഭവവുമായി ബന്ധപ്പെട്ട് നൂറനാട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പനുസരിച്ചാണ് കേസ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത സംഭവത്തിലെ ഏതെങ്കിലും പ്രതിയെ അറസ്റ്റു ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത വ്യക്തിയെ കോടതിയിൽ ഹാജരാക്കിയോ ;

(ഇ) ഇല്ലായെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ ;

(എഫ്) ഇതുപോലെ ഗുരുതരമായ ക്രിമിനൽ കേസ്സുകളിൽ അറസ്റ്റു ചെയ്യുന്ന പ്രതികളെ കോടതിയിൽ ഹാജരാക്കാതെ സ്റ്റേഷനിൽനിന്നും ജാമ്യത്തിൽ വിടുന്നത് നിയമപ്രകാരമാണോഎന്ന് വ്യക്തമാക്കുമോ ;

(ജി) അല്ലായെങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഫയർ റഫറൻസ് പ്രകാരം കേസ്സെടുത്ത് അന്വേഷണം നടത്തി വരുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

(എഫ്) കേസ്സുമായി ബന്ധപ്പെട്ട് പലരേയും പോലീസ് സ്റ്റേഷനിൽ വരുത്തിയും അല്ലാതെയും ചോദ്യം ചെയ്തുവെങ്കിലും നാളിതുവരെ ആരേയും അറസ്റ്റു ചെയ്യുകയോ, ജാമ്യത്തിൽ വിടുകയോ ചെയ്തിട്ടില്ല.

(ജി) കേസ് അന്വേഷണാവസ്ഥയിലാണ്.

പേരാമ്പ്ര മണ്ഡലത്തിലെ ബിന്ദുവിന്റെ മരണം സംബന്ധിച്ച നിവേദനം

70 (1539) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിലെ കാരയാട് അംശം തിരുവണ്ടായൂർ ദേശത്ത് തൈക്കണ്ടി യശോദയുടെ മകൾ ബിന്ദുവിന്റെ മരണം സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) മരണകാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണത്തിൽ ബിന്ദു സ്വയം കെട്ടിത്തൂങ്ങി മരണപ്പെട്ടതാണെന്നാണ് വെളിവായിട്ടുള്ളത്.

(സി) പോസ്റ്റുമോർട്ടം റിപ്പോർട്ട് പ്രകാരം കെട്ടിത്തൂങ്ങിയതാണ് മരണ കാരണമെന്ന് തെളിഞ്ഞിട്ടുണ്ട്.

പാലക്കാട് മുണ്ടൂർ ചന്ദ്രലേഖയുടെ സഹോദരന്റെ മരണം സംബന്ധിച്ച അന്വേഷണം

71 (1540) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ മുണ്ടൂർ ഭാഗത്ത് ശ്രീമതി ചന്ദ്രലേഖയുടെ സഹോദരൻ കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly